മഹാത്മാഗാന്ധി സർവകലാശാല
പ്രിയദർശിനി ഹിൽസ് പി.ഒ. കോട്ടയം, കേരളം – 686 560
(കേരള സംസ്ഥാന നിയമസഭയുടെ 1985 ഏപ്രിൽ 17ലെ 3431/ലെജി. സി1/85/നിയമം നമ്പർ വിജ്ഞാപനപ്രകാരം സ്ഥാപിതമായത്)

Draft #2 of File 41750/AC A1-2/2019/ACAD Approved by ASSISTANT REGISTRAR I (ACADEMIC) on 15-May-2020 03:48 PM - Page 1

41750/AC A1-2/2019/ACAD 15.05.2020

## പരിപത്രം

വിഷയം : സർക്കാർ, എയ്ഡഡ്, സ്വാശ്രയ കോളേജുകളിലെ വിദ്യാർത്ഥി ചൂഷണങ്ങൾക്കെതിരെയുള്ള നടപടി -മാർഗ്ഗനിർദേശങ്ങൾ .

സൂചന :-സ.ഉ.(സാധാ)നം.1720/2019/ഉ.വി.വ., തീയതി.27.09.2019

സർക്കാർ,എയ്ഡഡ്,സ്വാശ്രയ കോളേജുകൾ ഉൾപ്പടെയുള്ള എല്ലാ കലാലയങ്ങളിലും വിദ്യാർത്ഥി ചൂഷണങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട് കോളേജ് പ്രിൻസിപ്പാൾമാർക്ക് നിർദ്ദേശം നൽകിക്കൊണ്ട് മേൽ സൂചന പ്രകാരം ഉത്തരവായിരുന്നു. ടി ഉത്തരവ് പ്രകാരം ടി വിഷയത്തിൽ പ്രിൻസിപ്പാൾമാർ പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെ കൊടുക്കുന്നു.

1. കോളേജുകളിലെ റാഗിങ് വിരുദ്ധ സമിതികൾ ഫലപ്രദമായി പ്രവർത്തിക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടത് കോളേജ് പ്രിൻസിപ്പാൾമാരുടെ ഉത്തരവാദിത്തമായി കണക്കാക്കേണ്ടതാണ്.

2. കോളേജുകളിലെ വിദ്യാർഥികൾ ശാരീരികവും മാനസികവുമായി ചൂഷണം ചെയ്യപ്പെടുന്ന സാഹചര്യം കണക്കിലെടുത്തു, കോളേജ് ഫാക്കൽറ്റിയുടെ പ്രവർത്തനങ്ങൾ പ്രിൻസിപ്പാൾമാർ വിലയിരുത്തേണ്ടതും, കോളേജ് ക്യാമ്പസുകളിലും, വിദ്യാർത്ഥികളുടെ ഹോസ്റ്റലുകളിലും റാഗിങ് അടക്കമുള്ള അതിക്രമങ്ങൾ തടയുന്നതിന് ഹെൽപ് ലൈൻ പോലുള്ള സംവിധാനങ്ങൾ പ്രവർത്തികമാക്കേണ്ടതുമാണ്.

മേൽ പറഞ്ഞിരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളിൽ കൈക്കൊണ്ട നടപടികൾ അതാത് വകുപ്പ് തലവന്മാർ, യൂണിവേഴ്സിറ്റി രജിസ്ട്രാർ, സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ ഡയറക്ടർ എന്നിവരെ അറിയിക്കേണ്ടതാണ്.

സനൽകുമാർ ടി വി
അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)

പകർപ്പ് :
1.സർവ്വകലാശാലയിലെ എല്ലാ അഫിലിയേറ്റഡ് കോളേജുകൾ
2 .പി.ആർ.ഓ
3.വി.സി/പി.വി.സി എന്നിവരുടെ പി.എസ്
4.രജിസ്ട്രാറുടെ പി.എ
5.കണ്ടെന്റ് മാനേജ്മന്റ് സെക്ഷൻ /എസി എ7/എസി ബി7
6. സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി

"ഭരണഭാഷ - മാതൃഭാഷ"

**കേരള സർക്കാർ**

<u>സംഗ്രഹം</u>

കോളേജുകൾ - സർക്കാർ എയ്ഡഡ്, സർക്കാർ സ്വാശ്രയ/സ്വകാര്യ സ്വാശ്രയ കോളേജുകളിലെ വിദ്യാർത്ഥി ചൂഷണങ്ങൾക്കെതിരെ നടപടി - പ്രിൻസിപ്പാൾമാർക്ക് നിർദ്ദേശം നൽകികൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (ജി) വകുപ്പ്**

**സ.ഉ.(സാധാ)നം.1720/2019/ഉ.വി.വ** **തീയതി, തിരുവനന്തപുരം, 27.09.2019**

പരാമർശം: 1) അഖില ഭാരതീയ വിദ്യാർത്ഥി പരിഷത്തിന്റെ നിവേദനം.

2) 30.08.2018 ലെ പ്രവേശന പരീക്ഷ കമ്മീഷണറുടെ TA1/3822/18/CEE നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പരാമർശം (1) ലെ നിവേദനപ്രകാരം കേരളത്തിലെ പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് സ്വാശ്രയ സ്ഥാപനങ്ങൾ അടക്കമുള്ള കലാലയങ്ങളിൽ നടന്നു വരുന്ന വിദ്യാർത്ഥി ചൂഷണങ്ങൾക്കെതിരെ നടപടിയെടുക്കണമെന്ന് അഖില ഭാരതീയ വിദ്യാർത്ഥി പരിഷത്ത് ആവശ്യപ്പെട്ടിരുന്നു.

2. സ്വാശ്രയ സ്ഥാപനങ്ങളിലെ പല വിധേനയുള്ള വിദ്യാർത്ഥി ചൂഷണങ്ങൾക്കെതിരെ പരാതിപ്പെടുന്നതിനും, പരിഹാരം കാണുന്നതിനും നിലവിൽ പ്രവേശന മേൽനോട്ട സമിതി എന്ന സംവിധാനമുണ്ടെങ്കിലും, കോളേജുകളിലെ റാഗിങ്ങ് വിരുദ്ധ സമിതികൾ ഫലപ്രദമായി പ്രവർത്തിക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടത് കോളേജ് പ്രിൻസിപ്പാൾമാരുടെ ഉത്തരവാദിത്തമായി കണക്കാക്കണമെന്ന നിർദ്ദേശം നല്ലാവുന്നതാണെന്ന് പരാമർശം (2) പ്രകാരം പ്രവേശന പരീക്ഷ കമ്മീഷണർ അഭിപ്രായപ്പെട്ടിരിക്കുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വിവിധ സർക്കാർ/എയ്ഡഡ്/സർക്കാർ നിയന്ത്രിത സ്വാശ്രയ/സ്വകാര്യ സ്വാശ്രയ കോളേജുകളിലെ വിദ്യാർത്ഥികൾ ശാരീരികവും, മാനസികവുമായി ചൂഷണം ചെയ്യപ്പെടുന്ന സാഹചര്യം കണക്കിലെടുത്ത്, കോളേജ് ഫാക്കൽറ്റിയുടെ പ്രവർത്തനങ്ങൾ പ്രിൻസിപ്പൽമാർ വിലയിരുത്തേണ്ടതും, കോളേജ് ക്യാമ്പസുകളിലും, വിദ്യാർത്ഥികളുടെ ഹോസ്റ്റലുകളിലും റാഗിങ്ങ് അടക്കമുള്ള അതിക്രമങ്ങൾ തടയുന്നതിന് ഹെൽപ്പ് ലൈൻ പോലുള്ള സംവിധാനങ്ങൾ പ്രിൻസിപ്പാൾമാർ പ്രാവർത്തികമാക്കേണ്ടതും, ഇത്തരത്തിൽ പ്രിൻസിപ്പൽമാർ നടപടിയെടുത്തിട്ടുണ്ടെന്ന് അതാത് വകുപ്പ് തലവന്മാർ, യൂണിവേഴ്സിറ്റി രജിസ്ട്രാർ, സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ ഡയറക്ടർ എന്നിവർ കൃത്യമായി വിലയിരുത്തേണ്ടതും, അത് വഴി കലാലയങ്ങളിൽ റാഗിങ്ങ്, മറ്റു അതിക്രമങ്ങൾ എന്നിവ നടക്കുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ടതുമാണെന്ന നിർദ്ദേശം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എൻ.ജയ്സുഖ്ലാൽ**

**അഡീഷണൽ സെക്രട്ടറി**

പകർപ്പ്:

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.

രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി/എം.ജി.യൂണിവേഴ്സിറ്റി/കുസാറ്റ്/കാലിക്കറ്റ് യൂണിവേഴ്സിറ്റി/കണ്ണൂർ യൂണിവേഴ്സിറ്റി/എപിജെ അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല.

കോളേജ് പ്രിൻസിപ്പാൾമാർക്ക് (സർവ്വകലാശാല മുഖാന്തരം)

ഇൻഫർമേഷൻ ആഫീസർ, വെബ് & ന്യൂ മീഡിയ, വിവര - പൊതുജനസമ്പർക്ക വകുപ്പ്.

www.highereducation.kerala.gov.in

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ